കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല-പെരിനാട് ഗ്രാമ പഞ്ചായത്ത് വഴി പുറമ്പോക്കിൽ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 831/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 27-3-2013

---

**പരാമർശം :-**

1. പെരിനാട് ഗ്രാമ പഞ്ചായത്തിന്റെ 26/11/2012 ലെ 4(6) നമ്പർ തീരുമാനം
2. പെരിനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 19/1/2013 ലെ പി4 6460/12 നമ്പർ കത്ത്
3. പെരിനാട് ഗ്രാമ പഞ്ചായത്തിന്റെ 08/02/2013 ലെ ലെ 2(7) നമ്പർ തീരുമാനം

ഉത്തരവ്

പെരിനാട് ഗ്രാമ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പതിമൂന്നാം നമ്പർ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പെരിനാട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ പെരിനാട് വില്ലേജ് ബ്ളോക്ക് 13, റിസ 456/3ൽപ്പെട്ട 1.05 ആർ വഴി പുറമ്പോക്ക് ഗ്രാമ പഞ്ചായത്തിന് കൈമാറണമെന്ന് പരാമർശം (1) ലെ തീരുമാനപ്രകാരം പരാമർശം(2) പ്രകാരം പെരിനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പെരിനാട് വില്ലേജ് ബ്ളോക്ക് 13, റിസ 456/3ൽപ്പെട്ട 1.05 ആർ വഴി പുറമ്പോക്ക് സ്ഥലത്ത് അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പെരിനാട് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻപ്രകാരം

ഷൈനി ജോർജ്ജ്

അണ്ടർ സെക്രട്ടറി.

സെക്രട്ടറി ,പെരിനാട് ഗ്രാമ പഞ്ചായത്ത് ,കൊല്ലം, 691603

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം

ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

ജില്ലാ കളക്ടർ,കൊല്ലം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

റവന്യു വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.